# അസോസിയേഷൻ ഓഫ് കേരള ഗവൺമെന്റ് കോളേജ് ടീച്ചേഴ്സ്
# (എ.കെ.ജി.സി.ടി.)
# സംസ്ഥാന പ്രവർത്തകസമിതിയോഗം SWC 06/2025
# 20.07.2025 ഗൂഗിൾ മീറ്റ്

## മിനിട്സ്

**അജണ്ട**

1. സ്വാഗതം
2. അനുശോചനം
3. ജനറൽ സെക്രട്ടറി റിപ്പോർട്ട്
4. ജില്ലാ റിപ്പോർട്ടിംഗ്
5. ഐഫെക്ടോ പ്രക്ഷോഭം/ സംസ്ഥാനതല പ്രക്ഷോഭം
6. മെമ്പർഷിപ്പ്, യൂണിറ്റ് വിസിറ്റ്
7. വിവിധ സബ്കമ്മറ്റികൾ
8. മറ്റ് ആവശ്യമായ കാര്യങ്ങൾ

**ഹാജർ**

ഡോ. എൻ. മനോജ്, ഡോ. മുഹമ്മദ് റഫീഖ് ടി., ഡോ. മഞ്ജുള കെ. വി., ഡോ. വിനു ഭാസ്കർ, ഡോ. പ്രിൻസ് പി. ആർ., ഡോ. എം. എസ്. മുരളി, രഘുദാസ് പി. വി., ശശി സി. ടി., സന്തോഷ് ടി. വർഗീസ്, ഡോ. റിജുലാൽ ജി., ഡോ. സുമി ജോയി ഓലിയപ്പുറം, സോബിൻ വർഗ്ഗീസ് എം. വി., ഡോ. എസ്. സഞ്ജയ്, ഡോ. രജിത സി. ആർ., ഡോ. ഗായത്രിദേവി ജി., ഡോ. ഷാനവാസ് പി. എച്ച്., ഡോ. ശരത്ത് എസ്., ഡോ. വിനീത പി., ഡോ. രഞ്ജിത് മോഹൻ, ഡോ. രമണി കെ. കെ., ഡോ. ദീപ എ. കെ., ഡോ. ജയരാജ് ജെ., രാജു എം. സി., ഡോ. അജി പി.എൽ., ഡോ. എം. എ. അസ്കർ, ഡോ. വിഷ്ണു വി.എസ്., ഡോ. ഷജില ബീവി എസ്., ഡോ.ആനന്ദ് ടി.എ., ഡോ. ദിനേശ് പി.കെ., ഡോ. മുഹമ്മദ് ബഷീർ ടി, ഡോ. റഹിം കെ, ഡോ. എ. ബാലകൃഷ്ണൻ, ഡോ. ബി. അശോക്, ഡോ. സെനോ ജോസ്, സുശാന്ത് പി., സജിത്ത് കുമാർ പി., ചന്ദ്രമോഹൻ കെ.ടി., ഡോ. സുജ ടി. വി., ഡോ. മനോമോഹൻ ആന്റണി, ഡോ. സുനിൽരാജ് എൻ. വി., ഡോ. അഗസ്റ്റിൻ എൻ. ജെ., അനൂപ് ജെ. ആലക്കപ്പള്ളി, ഡോ. സജീവ് യു. എസ്., ഡോ. വിനീഷ് ആൽബർട്ട് ആൻറണി ടി., ബ്രിജേഷ് എൻ. എസ്., ഡോ. ഹരിദാസൻ വി., ഡോ. സി. വി. ഷാജി, ഡോ. രാഹുൽ കെ., ഡോ. ഷിബു പി.വി., ഡോ. ആസിഫ് ഇക്ബാൽ കാക്കശ്ശേരി

രാവിലെ 10ന് ഓൺലൈനായി ചേർന്ന സംസ്ഥാന പ്രവർത്തകസമിതി യോഗത്തിൽ സംസ്ഥാന പ്രസിഡന്റ് ഡോ.എൻ മനോജ് അധ്യക്ഷത വഹിച്ചു. സംസ്ഥാന ട്രഷറർ ഡോ. മഞ്ജുള കെ.വി. അനുശോചന പ്രമേയം അവതരിപ്പിച്ചു.

**അനുശോചനം**

പൗരസ്ത്യ കൽദായ സുറിയാനി സഭാ മേധാവിയും പാത്രിയാർക്കേൽ ഡെലിഗേറ്റുമായ മാർ അപ്രേം ,പ്രശസ്ത ആകാശവാണി കലാകാരിയും ആദ്യകാല ഗായികയും നടിയുമായ സി.എസ്.രാധാദേവി,കോട്ടയം മെഡിക്കൽ കോളേജ് അപകടത്തിൽ മരണപ്പെട്ട വൈക്കം തലയോലപ്പറമ്പ് സ്വദേശിനി ബിന്ദു, മുൻ മന്ത്രി സി. വി. പത്മരാജൻ, ടെക്സസ് പ്രളയം (യു.എസ്) മണ്ണിടിച്ചലിൽ മരണപ്പെട്ടവർ (82 മരണം), കൊല്ലം തേവലക്കരയിൽ വൈദ്യുതാഘാതമേറ്റ് മരണപ്പെട്ട എട്ടാം ക്ലാസ് വിദ്യാർത്ഥി മിഥുൻ, പ്രശസ്ത ആർക്കിടെക്റ്റ് ആർ. കെ. രമേശ് എന്നിവരുടെ

വേർപാടിൽ എ.കെ.ജി.സി.ടി സംസ്ഥാന പ്രവർത്തക സമതിയോഗം അനുശോചനം രേഖപ്പെടുത്തുന്നു.

**ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ട്**

എ.കെ.ജി.സി.ടി. ഭവൻ നവീകരണം/ പ്രക്ഷോഭ ഫണ്ട് സമാഹരണം എന്നിവ എത്രയും വേഗം പൂർത്തീകരിക്കുവാനാവശ്യമായ പ്രവർത്തങ്ങൾ യൂണിറ്റുകളിൽ നടത്തണം. ഈ വർഷത്തെ മെമ്പർഷിപ്പ് പ്രവർത്തനം ഉടനെ ആരംഭിക്കണം. ഓഗസ്റ്റ്/സെപ്റ്റംബർ മാസങ്ങളിൽ യൂണിറ്റ് സന്ദർശനം പൂർത്തീകരിക്കണം.

പ്രിൻസിപ്പൽ നിയമനം സംബന്ധിച്ച കേസിൽ കോടതിയിൽവാദം പൂർത്തിയായി വിധി പറയുന്നതിനായി മാറ്റിയിരിക്കുകയാണ്.

പൊതുസ്ഥലംമാറ്റം സംബന്ധിച്ച ഉത്തരവുകൾ ജൂലൈ ആദ്യവാരം പുറത്തിറങ്ങി. എന്നാൽ അനുവദിക്കപ്പെട്ട മുഴുവൻ തസ്തികയിലും അധികതസ്ഥിക എന്ന ഉദ്യോഗസ്ഥതലവാദംമൂലം സ്ഥലംമാറ്റം നൽകിയിരുന്നില്ല. സംഘടന ഈ വിഷയത്തിൽ ഇടപെടുകയും മുഴുവൻ തസ്തികയിലും നിയമനം സാധ്യമാക്കണമെന്നാവശ്യപ്പെട്ട് സർക്കാരിന് കത്ത് നൽകുകയും, അതിനെ തുടർന്ന് മുഴുവൻ തസ്തികകളിലേക്കും സ്ഥലംമാറ്റം സാധ്യമാവുകയും ചെയ്തു.

എയ്ഡഡ് കോളേജ് സർവീസ് പരിഗണിക്കുക, പ്രിൻസിപ്പലിന്റെ താൽക്കാലിക ചുമതല വഹിക്കുന്നവർക്ക് പകരം ഗസ്റ്റ് അധ്യാപകരെ നിയമിക്കുക, പുതുക്കിയ വർക്ക് ലോഡ് ഉത്തരവ് ഉടൻ ഇറക്കുക,സംഗീത കോളേജ് അധ്യാപകരുടെ സേവന വേതന വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിനായി സർക്കാർ നിയമിച്ച സമിതി എത്രയും വേഗം വിഷയം പഠിച്ച് സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുക, മുഴുവൻ റിട്ടയർമെന്റ് ഒഴിവുകളിലും നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും എത്രയും വേഗം നിയമനം നടത്തുക എന്നീ കാര്യങ്ങളിൽ സംഘടന ആവശ്യമായ ഇടപെടൽ നടത്തിവരുന്നു.

ഡി.എ, യു.ജി.സി അരിയർ, 2020ൽ സർക്കാർ കോളേജുകളിൽ അനുവദിച്ച കോഴ്സുകൾക്ക് പുതിയ തസ്തിക സൃഷ്ടിക്കുക എന്നീ വിഷയങ്ങളിൽ സംഘടന ധനവകുപ്പിന് വീണ്ടും കത്ത് നൽകിയിട്ടുണ്ട് ആവശ്യമായ ഇടപെടൽ തുടർന്നും നടത്തുന്നതാണ്. പറവൂർ കേസരി കോളേജ്, വയനാട് മോഡൽ ഡിഗ്രി കോളേജ് (റൂസാ) എന്നിവയിൽ ഈ അക്കാദമിക് വർഷം ക്ലാസ്സുകൾ തുടങ്ങുന്നതിനായി കുട്ടികളുടെ അഡ്മിഷൻ നടപടികൾ പുരോഗമിക്കുന്നു.ജൂലൈ 9ന് നടന്ന ദേശീയ പണിമുടക്കിൽ സർക്കാർ കോളേജ് അധ്യാപക മേഖലയിൽ നല്ല പങ്കാളിത്തം ഉണ്ടായി ഇതിൽ പങ്കെടുത്ത മുഴുവൻ അധ്യാപകരേയും സംസ്ഥാന പ്രവർത്തക സമതിക്കുവേണ്ടി അഭിവാദ്യം ചെയ്യുന്നു. സെപ്റ്റംബർ 13ന് കേന്ദ്ര സർക്കാരിന്റെ തെറ്റായ വിദ്യാഭ്യാസ നയങ്ങൾക്കെതിരെ പ്രധാനമന്ത്രിയുടെ മണ്ഡലമായ വാരണാസിയിൽ ഐഫെക്ടോയുടെ ആഭിമുഖ്യത്തിൽ വലിയ പ്രതിഷേധ പരിപാടികൾ നടക്കുന്നതാണ്. സംഘടനയുടെ വിവിധ സബ് കമ്മറ്റികൾ ഈ വർഷം നടത്തേണ്ട പ്രവർത്തനങ്ങൾക്ക് സംസ്ഥാന സമതി അംഗീകാരം നൽകേണ്ടതുണ്ട്. ഉന്നതവിദ്യാഭ്യാസവകുപ്പ് നടത്തുന്ന ITEP ശില്പശാലയിൽ ട്രെയിനിംഗ് കോളേജുകളിലെ പ്രതിനിധികളും, സംഘടനാ പ്രതിനിധികളും പങ്കെടുക്കണം. ഹോസ്റ്റൽ വാർഡന്റെ വെക്കേഷൻ ഡ്യൂട്ടി വിഷയം പരിഹരിക്കാൻ ഇനിയും ഇടപെടൽ നടത്തേണ്ടതുണ്ട്. ഉന്നതവിദ്യാഭ്യാസമേഖലയിൽ ചാൻസിലർ, താൽക്കാലിക വിസിമാർ എന്നിവരെ ഉപയോഗിച്ച് കേന്ദ്രസർക്കാർ സംഘപരിവാർ അജണ്ട നടപ്പാക്കുന്നതിനെതിരെ പ്രതിഷേധ പരിപാടികൾ സംഘടിപ്പിക്കണം. കേരള സർവകലാശാലയിൽ താൽക്കാലിക വിസി നടത്തുന്ന ക്രമവിരുദ്ധമായ നടപടികൾ ഏറെ പ്രതിഷേധാർഹമാണ്.

ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ടിനെ തുടർന്ന് അജണ്ടകളിന്മേലുള്ള വിശദമായ ചർച്ചകൾക്ക് ശേഷം താഴെപ്പറയുന്ന തീരുമാനങ്ങൾ എടുത്തു.

**തീരുമാനങ്ങൾ**

1. എ.കെ.ജി.സി.ടി. ഭവൻ നവീകരണം/ പ്രക്ഷോഭഫണ്ട് എന്നിവ എത്രയും വേഗം പൂർത്തീകരിക്കണം.
2. ഈ വർഷത്തെ മെമ്പർഷിപ്പ് പ്രവർത്തനം ഉടനെ ആരംഭിക്കണം.
3. സർവ്വകലാശാലകളിൽ സംഘപരിവാർ അജണ്ട നടപ്പാക്കുന്നതിനെതിരെ ജൂലൈ 17ന് സംസ്ഥാനത്തെ മുഴുവൻ കാമ്പസുകളിലും പ്രതിഷേധ കൂട്ടായ്മ സംഘടിപ്പിക്കുവാൻ തീരുമാനിച്ചു. ജൂലൈ 25ന് അകം ജില്ലാതല പ്രതിഷേധ പരിപാടികളും, ആഗസ്റ്റ് 10നകം സർവ്വകലാശാല മേഖലാതല പ്രക്ഷോഭങ്ങളും സംഘടിപ്പിക്കണം.
4. മുഴുവൻ റിട്ടയർമെന്റ് ഒഴിവുകളിലും നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും എത്രയും വേഗം നിയമനം നടത്തുവാൻ ആവശ്യമായ ഇടപെടൽ നടത്തും.
5. ഡി.എ, യു.ജി.സി അരിയർ, 2020ൽ സർക്കാർ കോളേജുകളിൽ അനുവദിച്ച കോഴ്സുകൾക്ക് പുതിയ തസ്തിക സൃഷ്ടിക്കുക എന്നീ വിഷയങ്ങളിൽ സംഘടന വീണ്ടും ഇടപെടൽ നടത്തുന്നതാണ്.
6. എയ്ഡഡ് കോളേജ് സർവീസ് അധ്യാപകരുടെ പ്രമോഷന് പരിഗണിക്കുക, പ്രിൻസിപ്പലിന്റെ താൽക്കാലിക ചുമതല വഹിക്കുന്നവർക്ക് പകരം ഗസ്റ്റ് അധ്യാപകരെ നിയമിക്കുക, പുതുക്കിയ വർക്ക് ലോഡ് ഉത്തരവ് ഉടൻ ഇറക്കുക എന്നീ വിഷയങ്ങളിൽ ധനവകുപ്പിന് വീണ്ടും കത്ത് നൽകുകയും ആവശ്യമായ ഇടപെടൽ നടത്തുന്നതുമാണ്.
7. അക്കാദമിക് കമ്മറ്റിയുടെ ഈ വർഷത്തെ പ്രവർത്തനങ്ങൾക്ക് സംസ്ഥാന പ്രവർത്തക സമതി അംഗീകാരം നൽകി.
8. വനിതാ സബ്കമ്മറ്റിയുടെ ഈ വർഷത്തെ പ്രവർത്തനങ്ങൾക്ക് അംഗീകാരം നൽകുകയും, സംസ്ഥാനതല ഉദ്ഘാടനം എത്രയും വേഗം നടത്തുവാനും തീരുമാനിച്ചു.
9. സംഗീതകോളേജ് അധ്യാപകരുടെ സേവന വേതന വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിനായി സർക്കാർ നിയമിച്ച സമതിയുടെ പ്രവർത്തനം ആരംഭിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനാവശ്യമായ ഇടപെടൽ നടത്തും.
10. സർക്കാർ കോളേജ് ഹോസ്റ്റൽ വാർഡൻ നിയമനവുമായി ബന്ധപ്പെട്ട ഉത്തരവിലെ അപാകതകൾ തിരുത്തിക്കുവാൻ ആവശ്യമായ ഇടപെടൽ നടത്തും.
11. സംഘടനയുടെ അക്കാദമിക് ജേർണലിന് പുതിയ വെബ്സൈറ്റ് ആരംഭിക്കുവാൻ തീരുമാനിച്ചു.
12. സംഘശബ്ദം പുതിയ പതിപ്പ് ആഗസ്റ്റ് 10നകം ഇറങ്ങുന്നതാണ്.

യോഗം 4.00ന് അവസാനിച്ചു.

അഭിവാദ്യങ്ങളോടെ

തിരുവനന്തപുരം
20-07-2025

ഡോ. മുഹമ്മദ് റഫീഖ് ടി.
ജനറൽ സെക്രട്ടറി